# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2998** 18.06.2018-ൽ മറുപടിയ്ക്ക്

## <u>നായരമ്പലം ഗ്രാമപഞ്ചായത്തിൽ ഒരു മീൻ ഒരു നെല്ല് പദ്ധതി</u>

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) നായരമ്പലം ഗ്രാമപഞ്ചായത്തിൽ കൃഷിയിടങ്ങൾ തരിശു കിടക്കുന്നത് സംബന്ധിച്ച് ഫിഷറീസ് വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | നായരമ്പലം ഗ്രാമ പഞ്ചായത്തിലെ പടിഞ്ഞാറെ പാടം കർഷക സമിതി അവരുടെ പ്രദേശത്ത് 300 ഏക്കർ വരുന്ന പാടശേഖരങ്ങൾ കൃഷിയ്ക്ക് ഉപയുക്തമാകാത്തതായി ഫിഷറീസ് വകുപ്പിന് പരാതി നൽകിയിട്ടുണ്ട്. കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനായി ഇവയുടെ ബണ്ടും, തൂമ്പുകളും നിർമ്മിക്കുന്നതിന് വേണ്ട ചിലവുകൾ കണക്കാക്കുന്നതിനായി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഒരു മീൻ ഒരു നെല്ല് എന്ന പദ്ധതി പ്രസ്തുത പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;<br><br>സി) എങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ? | ബി) & സി) | നായരമ്പലം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പാടശേഖര സമിതികളുടെ യോഗം ചേർന്ന് ഒരു നെല്ലും ഒരു മീനും പദ്ധതി ഏകദേശം 250 ഹെക്ടർ പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനാവശ്യമായ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ